# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

07.06.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1379

## നേമം നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയിൽ നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | നേമം നിയോജകമണ്ഡലത്തിലെ കാലടി ഗവ.എച്ച്.എസ്. അഞ്ചുകോടി പദ്ധതിയിലും കമലേശ്വരം ജി.എച്ച്.എസ്. മൂന്ന് കോടി പദ്ധതിയിലും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കാലടി ഗവ.എച്ച്.എസിന്റെ ഡി.പി.ആർ അംഗീകരിച്ചിട്ടുണ്ട്. കമലേശ്വരം സ്കൂളിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനത്തിനായി സ്ഥലസൗകര്യമില്ലായെന്ന് കിറ്റ്കോ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ഏതെന്ന് വ്യക്തമാക്കാമോ; | (സി) | നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി. ആയി കൈറ്റിനേയും ഡി.പി.ആർ തയ്യാറാക്കുന്നതിന് കിറ്റ്കോയെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | ഓരോ സ്കൂളിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ഡി) | കാലടി ഗവ.എച്ച്.എസിന് അഞ്ചു കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയും മേൽനോട്ട ചുമതലയും ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വിശദമാക്കാമോ? | (ഇ) | നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയ്ക്കായി കൈറ്റിനെയും പി.എം.സിയായി വാപ്കോസിനെയുമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. |

Namitha

സെക്ഷൻ ഓഫീസർ